**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4138** **03-03-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ (ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലും നഗരസഭ, കോർപ്പറേഷനുകളിലും) 2018 ജനുവരി 1 മുതൽ 2023 ജനുവരി 1 വരെയുള്ള കാലയളവിൽ തീർപ്പാക്കാതെ എത്ര ഫയലുകൾ കെട്ടിക്കിടക്കുന്നുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ 01.03.2023 വരെ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>ബ്ലോക്ക് പഞ്ചായത്തുകളിലും നഗരസഭ, കോർപ്പറേഷനുകളിലും തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന ഫയലുകളുടെ ജില്ല തിരിച്ചുള്ള കണക്കിൻറെ വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) | ഭവനം, വാണിജ്യ സ്ഥാപനങ്ങൾ എന്നിവയുടെ നിർമ്മാണത്തിനുള്ള അനുമതിയുമായോ നിർമ്മാണം പൂർത്തീകരിച്ച് നമ്പറുകൾ നൽകുന്നതുമായോ ബന്ധപ്പെട്ട ഫയലുകളുടെയും ആരോഗ്യം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ഫയലുകളുടെയും വേർതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | എന്ത് കാരണത്താലാണ് ഇത്തരം ഫയലുകൾ തീർപ്പാക്കാത്തതെന്ന് വിശദമാക്കുമോ; | (സി) | വിവിധ കോടതികളിൽ തീർപ്പാക്കാതെ അവശേഷിക്കുന്ന കേസ് സംബന്ധമായ ഫയലുകളും, അച്ചടക്ക നടപടി ഫയലുകളും കേസിൻറെ സ്വഭാവത്തിനനുസരിച്ച് തീർപ്പാക്കാൻ കാലതാമസം നേരിടുന്നുണ്ട്. കൂടാതെ, കെട്ടിട നിർമ്മാണചട്ടം സംബന്ധിച്ച് സംസ്ഥാനതല ഫയൽ അദാലത്തുകളിൽ സമർപ്പിക്കേണ്ട ഫയലുകളും തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം, നടപടി ക്രമങ്ങൾ പൂർത്തിയാവാത്തത്, അപേക്ഷകളിലെ ന്യൂനതകൾ തുടങ്ങി വിവിധ കാരണങ്ങളാലാണ് ഫയലുകളിൽ തീർപ്പ് കൽപ്പിക്കാൻ വൈകുന്നത്. |
| (ഡി) | ഇത്തരം ഫയലുകൾ തീർപ്പാക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ഡി) | ഫയൽ അദാലത്തുകൾ സംഘടിപ്പിച്ച് ഫയലുകൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | നിസ്സാര കാരണങ്ങൾ പറഞ്ഞ് ഉദ്യോഗസ്ഥർ ഫയലുകൾ തീർപ്പാക്കാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഇ) | ശ്രദ്ധയിൽപെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ 01.03.2023 വരെ തീർപ്പാക്കാതെ 2,91,292 ഫയലുകൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 20151 |
| കൊല്ലം | 6799 |
| പത്തനംതിട്ട | 15713 |
| ആലപ്പുഴ | 16908 |
| കോട്ടയം | 15699 |
| ഇടുക്കി | 7538 |
| എറണാകുളം | 39616 |
| തൃശ്ശൂർ | 25026 |
| പാലക്കാട് | 27795 |
| മലപ്പുറം | 36084 |
| കോഴിക്കോട് | 34725 |
| വയനാട് | 10986 |
| കണ്ണൂർ | 17893 |
| കാസറഗോഡ് | 16359 |
| ആകെ | **291292** |